"ഭരണഭാഷ മാതൃഭാഷ"

"കസ്റ്റഡി
തിരുത്തൽ
നവീകരണം
പുനരധിവാസം"
www.keralaprisons.gov.in

കേരള പ്രിസൺസ് &കറക്ഷണൽ
സർവ്വീസസ്

**സർക്കുലർ നം - 08/2026**

ജയിലുകളിൽ LPG സിലിണ്ടറുകൾ വിതരണം ചെയ്യുതിൽ ചില ക്രമക്കേടുകൾ കണ്ടെത്തിയിരുന്നു.ആയതിനാൽ താഴെ പറയുന്ന നിർദ്ദേശം സ്ഥാപന മേധാവികളുടെ അടിയന്തിര ശ്രദ്ധയ്ക്കായി അറിയിക്കുന്നു.

ജയിലുകളിലേയ്ക്ക് ആവശ്യമായ LPG സിലിണ്ടറുകൾ ഗ്യാസ് ഏജൻസി മുഖാന്തിരം ജയിലിൽ വിതരണം ചെയ്യുന്ന സന്ദർഭത്തിൽ Filled Cylinder ആണ് ജയിലിൽ എത്തിച്ചിരിക്കുന്നതെന്ന് ഗേറ്റ്/ ഗാർഡ് റൂം ചുമതല വഹിക്കുന്ന ഡെപ്യൂട്ടി പ്രിസൺ ഓഫീസർ ഫിസിക്കൽ വെരിഫിക്കേഷനിലൂടെ ഉറപ്പ് വരുത്തേണ്ടതും തുടർന്ന് ജയിലിൽ എത്തിച്ചിരിക്കുന്ന Filled സിലിണ്ടറുകളുടെ എണ്ണം, വെഹിക്കിൾ നമ്പർ എന്നിവ ഗേറ്റ് രജിസ്റ്റർ/ ഇൻ-ഔട്ട് രജിസ്റ്ററിൽ വ്യക്തമായി രേഖപ്പെടുത്തേണ്ടതുമാണ്. സമാന വിധത്തിൽ ജയിലിൽ നിന്നും പുറത്തേയ്ക്ക് കൊണ്ടു പോകുന്ന സിലിണ്ടറുകൾ ഒഴിഞ്ഞതാണ് എന്നുള്ളതും ഫിസിക്കൽ വെരിഫിക്കേഷൻ മുഖാന്തരം ഗേറ്റ് ചാർജ്ജ് ഉള്ള ഉദ്യോഗസ്ഥർ ഉറപ്പ വരുത്തേണ്ടതും ഒഴിഞ്ഞ സിലിണ്ടറുകളുടെ എണ്ണം വ്യക്തമായി രജിസ്റ്ററിൽ രേഖപ്പെടുത്തേണ്ടതും ആണ്.

ഗ്യാസ് വിതരണം ചെയ്യുന്ന സമയത്ത് തന്നെ ഏജൻസിയുടെ ഡെലിവറി ചെലാൻ ലഭ്യമാക്കാനുള്ള നടപടികൾ സ്ഥാപന മേധാവികൾ സ്വീകരിയ്ക്കേണ്ടതാണ്.ആയത് സാക്ഷ്യപ്പെടുത്തി സൂക്ഷിയ്ക്കേണ്ടതുമാണ്.എല്ലാ സ്ഥാപന മേധാവികളും ഓരോ മൂന്നു മാസം/ആറു മാസം ഇടവേളകളിൽ IOC അധികൃതരുമായി ബന്ധപെട്ട് അതാത് സ്ഥാപനത്തിന്റെ IOC Customer History/Supply History ലഭ്യമാക്കേണ്ടതും ഇപ്രകാരം ലഭിയ്ക്കുന്ന രേഖകൾ സ്റ്റോക്ക് രജിസ്റ്ററുമായി ഒത്തു നോക്കി പരിശോധിച്ച് സപ്ലൈ ചെയ്തതും,സ്റ്റോക്കിൽ ചേർത്തതുമായ LPG സിലിണ്ടറുകളുടെ എണ്ണത്തിൽ വ്യത്യാസം വന്നിട്ടില്ല എന്ന് ഉറപ്പ് വരുത്തേണ്ടതാണ്.IOC യിൽ നിന്നും ലഭ്യമാകുന്ന Customer History Details ഗ്യാസ് സ്റ്റോക്ക് രജിസ്റ്ററിൽ പേസ്റ്റ് ചെയ്തു സൂക്ഷിയ്ക്കേണ്ടതും,അഭ്യന്തര പരിശോധന നിർവ്വഹിയ്ക്കുന്ന സമയത്ത് പരിശോധനയ്ക്കായി നൽകേണ്ടതുമാണ്.

DINESH B
DEPUTY INSPECTOR GENERAL OF PRISONS(HQ)

സ്വീകർത്താവ്:- എല്ലാ ജയിൽ സ്ഥാപനമേധാവികൾക്കും

പകർപ്പ് :- 1. ടെക്നിക്കൽ സെൽ
ജയിലാസ്ഥാനകാര്യാലയം (വെബ് സൈറ്റിൽ പബ്ലിഷ് ചെയ്യേണ്ടതാണ്)

2. കരുതൽ ഫയൽ

Digitally signed by
Dinesh Bhagavathi Pillai
Date: 18-08-2026
17:12:17